# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 956 20.03.2013-ൽ മറുപടിയ്ക്ക്

### പട്ടികജാതിക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി--പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2012-13 സാമ്പത്തികവർഷം ത്രിതലപഞ്ചായത്തുകളിൽ പട്ടികജാതിക്കാരുടെയും പിന്നോക്കവിഭാഗക്കാരുടെയും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ത്രിതല പഞ്ചായത്തുകളിൽ പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി വകയിരുത്തിയിരിക്കുന്നത് ഗ്രാമ പഞ്ചായത്തുകൾക്ക് 382 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 127.33 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 127.34 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 56.97 കോടി രൂപയും കോർപ്പറേഷനുകൾക്കായി 45.82 കോടി രൂപയുമാണ്. |
| (ബി) | പ്രസ്തുത മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക എത്രയാണ്; | (ബി) (സി) & (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും ഈ മേഖലയിൽ വകയിരുത്തിയ തുകയിൽ ഇതേവരെ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) | പ്രസ്തുത പദ്ധതിതുക വിനിയോഗിക്കുന്നതിലുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | | |

(...2)

| | | | |
|---|---|---|---|
| (ഇ) | മാർച്ച് 31 ന് മുമ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | തുക ചെലവാക്കുന്നത് സംബന്ധിച്ച നടപടി കൈക്കൊള്ളുന്നത് അതാത് പഞ്ചായത്ത് ഉദ്യോഗസ്ഥരാണ്. അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള പുരോഗതി വ്യക്തമാക്കുന്ന ദൈവാര റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് വെറ്റിംഗിന്റെ ഡെയിലി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Sali K J
സെക്ഷൻ ആഫീസർ